**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5291** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ ഡിജിറ്റൽ ക്ലാസ് റൂം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2022, 2023 വർഷങ്ങളിൽ കാലിക്കറ്റ് സർവകലാശാലയിൽ ഇ-ലേണിങ് സ്റ്റുഡിയോ, ഡിജിറ്റൽ ക്ലാസ് റൂം എന്നിവ സ്ഥാപിച്ചത് ഏത് കമ്പനിയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഐ.ടി.ഐ. ലിമിറ്റഡ്, പാലക്കാട്. |
| (ബി) | പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ എല്ലാം നിലവിൽ പൂർണതോതിൽ പ്രവർത്തനക്ഷമമാണോയെന്ന് വിശദമാക്കാമോ; | (ബി) | 2022, 2023 വർഷങ്ങളിൽ കാലിക്കറ്റ് സർവകലാശാലയിൽ സ്ഥാപിച്ച ഡിജിറ്റൽ ക്ലാസ് റൂമുകൾ നിലവിൽ മുഴുവനും പൂർണ തോതിൽ പ്രവർത്തനക്ഷമമല്ല. സർവകലാശാലയിൽ സ്ഥാപിച്ച 36 ഡിജിറ്റൽ ക്ലാസ് റൂമുകളിൽ ചില സാങ്കേതിക പ്രവർത്തന തകരാറുകൾ മൂലം 30 എണ്ണം പൂർണമായി പ്രവർത്തനക്ഷമത ഇല്ലാത്തവയാണ്. മുകളിൽ പറഞ്ഞ ഡിജിറ്റൽ ക്ലാസ് റൂമുകളെല്ലാം തന്നെ നിലവിൽ വാറണ്ടി കാലാവധിയിൽ ആണ്. ആയതിനാൽ ഡിജിറ്റൽ ക്ലാസ് റൂമുകളുടെ പ്രവർത്തന തകരാറുകൾ അവ സ്ഥാപിച്ച M/s. ITI Ltd, പാലക്കാട് എന്ന കമ്പനിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ സ്ഥാപിക്കാൻ ഉണ്ടാക്കിയ ജെം ബിഡ് ഡോക്യുമെന്റിൽ വാറണ്ടി കാലയളവിൽ പരിപാലനം, റിപ്പയർ എന്നിവയ്ക്ക് കാലതാമസം നേരിട്ടാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; എങ്കിൽ റിപ്പയർ ചെയ്യാൻ കാലതാമസം നേരിട്ടാൽ ഈടാക്കേണ്ട പിഴ എത്രയാണെന്ന് വിശദമാക്കാമോ; | (സി) | പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ സ്ഥാപിക്കാൻ, വാറന്റി കാലയളവിൽ പരിപാലനം, റിപ്പയർ എന്നിവക്ക് കാലതാമസം നേരിട്ടാൽ, വീഴ്ച വരുത്തുന്ന ഓരോ ആഴ്ചക്കും പ്രസ്തുത ഉല്പന്നത്തിന്റെ വിലയുടെ 0.5% നിരക്കിൽ പിഴ ഈടാക്കുന്നതിന് ജെം ബിഡ് ഡോക്യുമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരമാവധി പിഴ, ഉത്പന്ന വിലയുടെ 10% ആയി നിജപ്പെടുത്തിയിട്ടുണ്ട് . |
| (ഡി) | പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ സ്ഥാപിച്ച കമ്പനി റിപ്പയർ/റെക്റ്റിഫിക്കേഷൻ/സർവീസ് എന്നിവയ്ക്ക് കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാലതാമസം വരുത്തിയെന്ന് സർവകലാശാല ഉദ്യോഗസ്ഥർ | (ഡി) | ഉണ്ട്. കാലതാമസം വരുത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ട പഠന വകുപ്പുകളുടെ പേരും മറ്റു വിശദാംശങ്ങളും **അനുബന്ധം** ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (ഇ) | റിപ്പയറിംഗ്/റെക്ടിഫിക്കേഷൻ/സർവ്വീസിംഗ് എന്നിവയിൽ കാലതാമസം വരുത്തിയതിന് പ്രസ്തുത കമ്പനിയിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോയെന്നും നാളിതുവരെ എത്ര രൂപ പിഴ ഈടാക്കിയെന്നും വിശദമാക്കാമോ; പിഴ ഈടാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഇ) | പിഴ ഇനത്തിൽ 4,46,469/- രൂപ അടയ്ക്കുവാനാവശ്യപ്പെട്ടുകൊണ്ട് കാലിക്കറ്റ് സർവകലാശാല ഐ.ടി.ഐ. ലിമിറ്റഡ്, പാലക്കാടിന് കത്ത് നൽകിയിട്ടുണ്ട്. |
| (എഫ്) | വാറണ്ടി കാലയളവിൽ പരിപാലനം, റിപ്പയർ എന്നിവയ്ക്ക് കാലതാമസം നേരിട്ടാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ നിലനിൽക്കെ റിപ്പയറിംഗ്/റെക്ടിഫിക്കേഷൻ/സർവ്വീസിംഗ് എന്നിവയിൽ കാലതാമസം വരുത്തിയതിന് പ്രസ്തുത കമ്പനിയിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് ഉത്തരവാദികളായ സർവകലാശാല ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എഫ്) | പിഴ ഈടാക്കുന്നതിന് സർവകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സർവകലാശാല നിയമപരമായ നടപടികൾ എടുത്തിട്ടുണ്ടോയെന്നു വിശദമാക്കാമോ? | (ജി) | ഉത്തരം (എഫ്) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No. | Name of the Department | Details of defective item |
|---|---|---|
| 1 | Department of Political Science | Keyboard and Mouse |
| 2 | Department of History | Digital Podium, Mikes and Podium microphone |
| 3 | Department of Women's Studies | Wireless keyboard and the digital podium |
| 4 | Department of Journalism and Mass Communication | Digital podium and left side Speaker |
| 5 | Department of English | Projector screen and Camera |
| 6 | Department of Education | Digital Podium Microphone |
| 7 | Department of Statistics | Digital Podium, Amplifier, HDMI-1 cable and HDMI port 2 |
| 8 | Department of | Ultra short throw Projector |
| 9 | Department of Malayalam and Kerala Studies | Digital podium, speaker and connection board |
| 10 | Department of Biotechnology | Digital podium |
| 11 | Department of Arabic | Digital podium, collar mic and touch screen |
| 12 | Department of Hindi | Podium display |
| 13 | Department of Russian and Comparative Literature | e -Digital Podium display, touch and Podium Microphone |
| 14 | Department of Nano Science and Technology | Digital podium & Podium mike |
| 15 | Department of Mathematics | Digital podium, Monitor and UPS |
| 16 | Department of Botany | View Sonic touch screen monitor |
| 17 | Department of Commerce and Management Studies | Monitor, HDMI port II, mouseand camera |
| 18 | Department of Environmental Science | Camera, AC input power, HDMI port II and display screen |
| 19 | Department of Folklore Studies | Projector and Podium |
| 20 | Institute of Engineering and Technology | Digital podium, HDMI port-2 and AC power input switch |
| 21 | Department of Law | Digital podium |
| 22 | Department of Physics | Digital podium |
| 23 | Department of Computer Science | CPU connections in the podium are seen dismantled |
| 24 | Department of Chemistry | HDMI port- 2 not working,Digital podium and projector not synchronised |
| 25 | Department of Sanskrit | Digital podium touch not working |
| 26 | Department of Philosophy | Fungus in Digital podium's Display, Digital podium and projector not synchronised |
| 27 | Department of Sociology | Digital podium not working andOne speaker is not installed |
| 28 | Centre for Physical Education | Digital podium is not working properly, |

സെക്ഷൻ ഓഫീസർ